# റിപ്പോർട്ട്

പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി ഹയർ സെക്കൻഡറി സ്കൂൾ കണ്ടശാങ്കടവിൽ ആസാദ് കി അമൃത മഹോത്സവത്തിന്റെ ഭാഗമായി സ്വാതന്ത്ര്യത്തിന്റെ ഒപ്പ് ശേഖരണം നടത്തി. ബ്ലോക്ക് മെമ്പർ ഷെൽജി ഷാജു 10/8/2022,11 മണിക്ക് ഒപ്പുശേഖരണം ഉദ്ഘാടനം ചെയ്തു. തുടർന്ന് യുപി, ഹൈസ്കൂൾ,ഹയർ സെക്കൻഡറി സ്കൂൾ വിഭാഗത്തിലെ അധ്യാപകരും കുട്ടികളും രക്ഷിതാക്കളും ഒപ്പ് ശേഖരണത്തിൽ പങ്കാളികളായി.

ആസാദ് കി അമൃത് മഹോത്സവത്തിന്റെ ഭാഗമായി 11/08/2022 ന് പിടിഎ പ്രസിഡണ്ട് നെൽസൺ വി മാത്യു ഗാന്ധിമരം സ്കൂൾ അങ്കണത്തിൽ നട്ടു.

12/08/2022 ന് ഭരണഘടനയുടെ ആമുഖം അസംബ്ലിയിൽ വായിച്ചു. എല്ലാ കുട്ടികളും ഭരണഘടനയുടെ ആമുഖത്തിന്റെ പതിപ്പ് കൈയിലേന്തി. സ്കൂൾ ലീഡർ ആമുഖം അസംബ്ലിയിൽ വായിക്കുകയും ചെയ്തു.12/08/2022 വെള്ളിയാഴ്ച ദേശഭക്തിഗാനം ,ദേശീയ ഗാന മത്സരം,പ്രസംഗമത്സരം,പോസ്റ്റർ മത്സരം എന്നിവ നടത്തി. സ്വാതന്ത്ര്യസമര സേനാനികളുടെ പ്ലക്കാർഡുകൾ ഏന്തി എട്ട്, ഒമ്പത് ,പത്തിലെ കുട്ടികൾ സൈക്കിൾ റാലി നടത്തി.

പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി ഹയർ സെക്കൻഡറി സ്കൂൾ കണ്ടശ്ശാംകടവിൽ സ്വാതന്ത്ര്യത്തിന്റെ എഴുപതഞ്ചാം വാർഷികം രാവിലെ 9:00 മണിക്ക് ആരംഭിച്ചു. 9 മണിക്ക് എച്ച് എം ബീന കെ മേനോൻ പതാക ഉയർത്തി. തുടർന്ന് അധ്യാപകരും കുട്ടികളും ചേർന്ന് പതാക വന്ദനം നടത്തി . ഹെഡ്മിസ്ട്രസ് ശ്രീമതി ബീന കെ മേനോൻ, പി ടി എ പ്രസിഡൻറ് ശ്രീ നെൽസൺ വി മാത്യു ഹയർ സെക്കണ്ടറി ഇംഗ്ലീഷ് വിഭാഗം അധ്യാപിക ശ്രീമതി ശോഭ പത്മനാഭൻ എന്നിവർ സ്വാതന്ത്ര്യദിന സന്ദേശം നൽകി . ഇന്ത്യ -ചൈന, ഇന്ത്യ- പാക് യുദ്ധത്തിൽ പങ്കെടുത്ത സ്വാതന്ത്ര്യ സമര സേനാനി ജോസ് ടി വിയെ പൊന്നാട അണിയിച്ച് ആദരി ച്ചു . സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് കുട്ടികളായ മുഹമ്മദ് അജ്മൽ , സാരംഗ് ദേവനന്ദന , ശ്രീലക്ഷ്മി എന്നിവർ പ്രസംഗിച്ചു. യുപി, ഹൈസ്കൂൾ, എച്ച് എസ് എസ് വിഭാഗങ്ങളുടെ ദേശഭക്തിഗാനാലാപനം ഏവർക്കും ഹൃദ്യമായി .യുപി, ഹൈസ്കൂൾ വിഭാഗത്തിന്റെ നൃത്താവിഷ്കാരവും ,ഹൈസ്കൂൾ വിഭാഗത്തിന്റെ ലഘുനാടകവും അരങ്ങേറി. അതിനുശേഷം വർണ്ണാഭമായ ഘോഷയാത്രയും നടന്നു. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങളെ ഓർമിപ്പിക്കുന്ന രീതിയിലുള്ള വേഷവിധാനങ്ങളോടുകൂടിയ ഘോഷയാത്ര നാനാത്വത്തിൽ ഏകത്വം എന്ന ആശയം വിളിച്ചോതുന്നതായിരുന്നു. അതിനുശേഷം മധുര പലഹാരവും ശീതള പാനീയവും കുട്ടികൾക്ക് വിതരണം ചെയ്തു.